(ഡി) വൻകിട തോട്ടങ്ങളിൽ തൊഴിൽ ചെയ്യുന്ന ട്രേഡ് യൂണിയൻ തൊഴിലാളികൾക്കും ചെറുകിട റബ്ബർ തോട്ടങ്ങളിൽ ടാപ്പിംഗ് ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികൾക്കും ഒരുപോലെ സൗജന്യ റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവർത്തനരഹിതമായ തോട്ടങ്ങളിലെ തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ആശ്വാസം എത്തിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലത്തകർച്ചമൂലം കഷ്ടപ്പെടുന്ന തോട്ടം തൊഴിലാളികൾക്കുകൂടി ബാധകമാക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(സി &ഡി) പരിശോധിക്കാവുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം

212 (4498) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഓരോ ജില്ലയിലും പ്രസ്തുത പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുക എത്രയാണെന്നും എത്ര ഗുണഭോക്താക്കളുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ ഓരോ ജില്ലയിലും എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സാമ്പത്തിക സഹായം നൽകുന്ന ചുവടെ പറയുന്ന മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. കെസ്റ്റ് (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

3 ശരണ്യാപദ്ധതി

പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മൂന്ന് സ്വയംതൊഴിൽ പദ്ധതികളും ആരംഭിച്ച് ഇതുവരെ വിതരണം നടത്തിയ തുകയുടെയും, ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ചുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം എംപ്ലോയ്മെന്റ് വകുപ്പ് കണക്കാക്കിയിട്ടുണ്ട്. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/കെസ്റ്റ് പദ്ധതികൾ ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ ആണ്. ബാങ്കുവായ്പ അനുവദിക്കുന്ന മുറയ്ക്കുമാത്രമേ വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡി അനുവദിക്കൂ. നിലവിൽ ബാങ്കുവായ്പ അനുവദിച്ച് ഇനി സബ്സിഡി വിതരണം നടത്താനുള്ള ആരും അവശേഷിക്കുന്നില്ല. എന്നാൽ വായ്പ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം നാല് ആയിചേർക്കുന്നു.*

ഐ. ടി. മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ

213 (4499) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ ചില സ്ഥാപനങ്ങളിൽ തൊഴിൽ നിയമ ലംഘനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly